# ഹാജി സാഹിബിന്റെ സുന്ദരമുഖം

**കുഞ്ഞിമുഹമ്മദ്, വളാഞ്ചേരി**

ആലിയാ അറബിക്കോളേജിലെ (കാസർകോട്) പഠനവും അതിന് വഴിതെളിയിച്ച ഹാജിസാഹിബും നിത്യേന ഓർമയിൽ ഓളംവെട്ടാറുള്ള അനുഭവമാണ് ഇന്നും എനിക്ക്. എന്റെ ആറാംവയസ്സിലാണ് ഹാജിസാഹിബിനെ ആദ്യമായി ഞാൻ കാണുന്നത്. വളാഞ്ചേരിയിലെ മർഹൂം പറമ്പയിൽ കുഞ്ഞലവി സാഹിബിന്റെ പീടികമുകളിൽ നടന്നുവന്നിരുന്ന 'ജംഇയ്യത്തുൽ മുസ്തർശിദീൻ' യോഗങ്ങളിൽവെച്ചാണ് അത്. ക്ലാസുകളിലും യോഗങ്ങളിലും അടിക്കടി അദ്ദേഹം പ്രയോഗിക്കാറുണ്ടായിരുന്ന 'ഇസ്‌ലാമിന്റെ സുന്ദരമുഖം' എന്ന ശബ്ദം മാത്രമായിരുന്നു അന്നൊക്കെ എന്റെ പ്രാസ്ഥാനിക വിജ്ഞാനത്തിന്റെ ആകെത്തുക. ഹാജിസാഹിബ് ഒരു വലിയ ആളാണെന്ന് ആ ചെറുപ്രായത്തിലേ ഞാൻ 'അറിഞ്ഞു.' ജനങ്ങളെ വിലയിരുത്താനുള്ള ശരിയായ അറിവ്കൊണ്ടായിരുന്നില്ല അത്. ഹാജിസാഹിബിനേക്കാൾ പ്രായംചെന്ന എന്റെ പിതാവടക്കം വളാഞ്ചേരിയിലെയും പരിസരങ്ങളിലെയും പത്തിരുപതോളം വലിയ ആളുകൾ- അവരുടെ ഭാഷയിൽ "കുഞ്ഞാലൻ കുട്ട്യാജിയുടെ ഖുർആൻ ദർസിന്" -ജംഇയ്യത്തുൽ മുസ്തർശിദീൻ ഓഫീസിൽ ഒരനുഷ്ഠാനകർമം കണക്കെ പതിവായി ഒരുമിച്ചുകൂടുന്ന കാഴ്ചയായിരുന്നു അതിനു കാരണം.

1959 ഒക്ടോബർ 2-ന് എടയൂരിലുള്ള ഹാജിസാഹിബിന്റെ വസതിയിൽ കാണികൾക്കായി തുറന്നുവെച്ച മരിച്ചുകിടക്കുന്ന അദ്ദേഹത്തിന്റെ 'സുന്ദരമുഖം' ഇന്നും മനസ്സിൽ മായാതെ നിൽക്കാൻ പിന്നീടുണ്ടായ അനുഭവങ്ങൾ നിമിത്തമാവുകയും ചെയ്തു. കേരളത്തിലെന്നല്ല ഇന്ത്യയിലുടനീളം ഇടതടവില്ലാതെ ഓടിപ്പാഞ്ഞുകൊണ്ടേയിരുന്ന ആ ശരീരം ഇങ്ങനെ അനങ്ങാതെ മലർന്നുകിടക്കുന്നത് ഞെട്ടലുണ്ടാക്കുന്ന ഒരു കാഴ്ചയായിട്ടാണനുഭവപ്പെട്ടത്. ആയിരക്കണക്കിന് ജനങ്ങൾ നൂറുക്കണക്കിൽ നാഴിക ദൂരങ്ങളിൽനിന്ന് ഒരു മരണവീട്ടിൽ ഒത്തുകൂടുന്ന കാഴ്ചയും ആദ്യാനുഭവമായിരുന്നു എനിക്ക്.

പിറ്റേന്നും ഞാൻ എടയൂരിൽ പോയി. അന്നും തലേന്നത്തെപ്പോലെ ജനത്തിരക്ക് തന്നെ. ഇന്നത്തെപ്പോലെ വാഹന-വാർത്താവിനിമയ സൗകര്യങ്ങൾ തുലോം പരിമിതമായിരുന്നതിനാൽ വിദൂരദിക്കുകളിൽനിന്ന് എത്തിച്ചേർന്നവരായിരുന്നു അവരിൽ അധികപേരും. കാസർകോട് ആലിയാ അറബിക്കോളേജ് പ്രിൻസിപ്പാൾ മർഹൂം പി. മുഹമ്മദ് ത്വാഈ മൗലവിയും അക്കൂട്ടത്തിലുണ്ടയിരുന്നു. എന്റെ ഗുരുവര്യനായിരുന്ന അദ്ദേഹം വിവരമറിഞ്ഞതെങ്ങിനെയെന്ന് ഞാൻ തിരക്കിയപ്പോൾ മറുപടി പറയുന്നതിനുപകരം വിതുമ്പുന്ന മനസ്സോടെ തനിക്ക് കിട്ടിയ കമ്പി സന്ദേശം എന്റെ കയ്യിൽ തരികയാണുണ്ടായത്. മരണവാർത്ത കമ്പി സന്ദേശം മുഖേന അറിയിച്ച കോഴിക്കോട്ടെ ജ: സി.പി.എം. അബ്ദുൽ ഖാദർ സാഹിബ്, തന്റെ ഇനീഷ്യൽ ഇംഗ്ലീഷിൽ ഒറ്റവാക്കിൽ കൂട്ടിയെഴുതിയ ആ ശൈലി എന്നെസ്സംബന്ധിച്ചിടത്തോളം പുതിയ ഒരറിവായിരുന്നു.

ഹാജി സാഹിബ് മരണപ്പെടുമ്പോൾ ഇരുപത് വയസ്സായിരുന്നു എന്റെ പ്രായം. ഇത്രയും കാലം ഒരു രക്ഷാധികാരിയെപ്പോലെയായിരുന്നു എന്നോടദ്ദേഹം പെരുമാറിയിരുന്നത്. ഹാജിസാഹിബിന്റെ സദസ്സുകളിൽ പങ്കെടുക്കാൻ തുടങ്ങിയ ആറാം വയസ്സ് മുതൽ കഴിഞ്ഞുപോയ പതിനാല് വർഷത്തിനിടയിൽ അദ്ദേഹത്തിലൂടെ കൊച്ചി മുതൽ കാസർകോട് വരെയും മംഗലാപുരം പരിസരങ്ങളിലെ അങ്കടി മുതൽ ഉപ്പിനംഗഡി വരെയുമുള്ള പല മഹാന്മാരെയും എനിക്ക് പരിചയപ്പെടാനവസരം ലഭിച്ചു. ഹാജിസാഹിബ് എല്ലായിടത്തും ഓടിക്കിതച്ചു വാർത്തെടുത്ത നല്ല മനുഷ്യരായിരുന്നു അവരത്രയും.

മൗലാനാ അബുല്ലൈസ് ഉൾപെടെ അഖിലേന്ത്യാ നേതാക്കൾ ഞങ്ങളുടെ വീട്ടിൽ നാളുകളോളം ക്യാമ്പ് ചെയ്തതും കുട്ടിക്കാലത്തെ ഒരു പുതിയ അനുഭവമായിരുന്നു. എന്റെ എട്ടാമത്തെ വയസ്സിലായിരുന്നു ആ സംഭവം. ജമാഅത്തെ ഇസ്‌ലാമിയുടെ കേരള ശാഖാ രൂപീകരണമോ മറ്റോ ആയിരുന്നു പശ്ചാത്തലം.

മൂച്ചിക്കലങ്ങാടിയിലെ വീട് വിറ്റു താമസം മാറ്റി ഏതാനും നാളുകൾ കഴിഞ്ഞതേയുള്ളൂ. തൊട്ടടുത്ത് തന്നെ പിതാവ് (മർഹൂം പി. മരക്കാർ) ഓല മേഞ്ഞ ഒരു കൂരയുണ്ടാക്കുകയും ഞങ്ങളെ അതിലേക്ക് മാറ്റിപ്പാർപ്പിക്കുകയും പുതിയ വീട് അഖിലേന്ത്യാ നേതാക്കളടക്കം ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. അന്നത്തെ കേരള ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരുടെ എണ്ണം ആ വീട്ടിൽ ഒതുങ്ങാൻ മാത്രമേയുണ്ടായിരുന്നുള്ളൂ. വെറും രണ്ട് സെന്റ് വലുപ്പം മാത്രമുള്ള വീട്, മുറ്റത്ത് പന്തൽ കെട്ടി നാളുകളോളം ജമാഅത്ത് നമസ്കാരങ്ങൾ നടക്കുന്നതായി ഞാൻ കണ്ടിരുന്നു. നമസ്കാരത്തെക്കുറിച്ച് വേണ്ടത്ര പിടിപാട് ലഭിച്ചിട്ടില്ലാത്ത എനിക്ക് അതിൽ പ്രത്യേകമായൊരു പ്രതികരണവും അനുഭവപ്പെട്ടിരുന്നില്ലെങ്കിലും 'ഹിന്ദുസ്ഥാനിക്കാരു'ടെ നമസ്കാരത്തെക്കുറിച്ച് അയൽപക്ക സ്ത്രീകളുടെ അത്ഭുത പ്രതികരണം കേൾക്കാമായിരുന്നു. "ഇതെന്ത് നിസ്കാരാ റബ്ബേ! ചിലർ കൈകെട്ടിയത് കണ്ടോ അടിവയറ്റിൽ. കൈകെട്ടാത്തവരും ഉണ്ട്. ഈ ചേലും കോലും നിസ്കാരത്തിന് ചേർന്നതാണോ! കാൽസറായി (പൈജാമ) ഉടുത്തു നിസ്കരിച്ചാൽ നിസ്കാരം സഹീഹാവ്വോ. പള്ളീ നിസ്കാരം (ജമാഅത്ത്) പെരടെമിറ്റത്തോ?..."

വടക്കെ ഇന്ത്യക്കാർക്കായി അപ്പപ്പോൾ ഒരുക്കിയിരുന്ന ആഹാര പദാർഥങ്ങളിലും പഴവർഗങ്ങളിലും കുട്ടികളായ ഞങ്ങൾക്കും വിഹിതം ലഭിച്ചിരുന്നതിനാൽ ഞങ്ങളുടെ കാര്യമായ 'ചർച്ച' അതിനെക്കുറിച്ചായിരുന്നു. പിതാവിനോടൊപ്പം ജമാഅത്ത് സമ്മേളനങ്ങളിൽ പങ്കെടുക്കാറുള്ള ഞാനും എന്റെ അനുജസഹോദരനും (ഡോക്ടർ സഈദ് മരക്കാർ) 'തീറ്റപ്രതിനിധികൾ' എന്നതിൽ കവിഞ്ഞ് എന്തെങ്കിലും ഗ്രഹിക്കാൻ പ്രായം എത്താത്തവരായിരുന്നു. വളപട്ടണം സമ്മേളനം വരെ ഞങ്ങളുടെ 'തീറ്റപ്രാതിനിധ്യം' തുടർന്നു.

അന്നൊക്കെ കണ്ടു പരിചയിച്ച വളാഞ്ചേരിയിലെയും പരിസരങ്ങളിലെയും ജമാഅത്തുകാരെ പേരുകൊണ്ടും വീട്ടുപേർകൊണ്ടും ഞാൻ അറിയുന്നതും പരിചയപ്പെടുന്നതും കുട്ടിപ്രായം വിടുന്നതോടെയാണ്. ഹ്ജിസാഹിബിന്റെ അക്കാലത്തെ സംഘാടകക്കഴിവ് എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. നമസ്കാര-നോമ്പുകളേക്കാൾ മാലമൗലൂദാദികൾക്കും നേർച്ചാ-ഖബ്റ്-പൂജാദികൾക്കും പുണ്യം കൽപിക്കപ്പെട്ട ഒരു സമൂഹത്തിലായിരുന്നു ഹാജി സാഹിബിന്റെ 'പുത്തൻ പ്രസ്ഥാന'ത്തിന്റെ തുടക്കം.

പ്രശ്നങ്ങൾ പറഞ്ഞുതീർക്കാനും അന്തിമവിധി പറയാനും എല്ലാവർക്കും ആവശ്യമായിരുന്നത് ഹാജിസാഹിബിനെത്തന്നെയായിരുന്നു. ഒരിക്കൽ ഏതോ ഒരു സ്ഥലത്തെ പ്രശ്നം പറഞ്ഞുതീർക്കാൻ അദ്ദേഹത്തെ അത്യാവശ്യമായി വന്നപ്പോൾ വാഹനം കിട്ടാതെ കക്ഷികൾ അദ്ദേഹത്തെ സൈക്കിളിന്റെ പിൻസീറ്റിലിരുത്തി കൊണ്ടുപോയതോർക്കുന്നു. 'പുത്തൻപ്രസ്ഥാനം' ഒരു യാഥാർഥ്യമായി പുലർന്നപ്പോൾ മാത്രമാണ് യാഥാസ്ഥിക പുരോഹിത വിഭാഗത്തിന് അദ്ദേഹത്തിന്റെ 'സുന്ദരമുഖം' അസഹ്യമായത്.

അദ്ദേഹത്തിൽ പ്രകടമായ ഉയർന്ന വ്യക്തിത്വമാണ് വളാഞ്ചേരിയിലും പരിസരത്തും ജമാഅത്തെ ഇസ്‌ലാമിക്ക് അടിത്തറ പാകിയത്. വളാഞ്ചേരി, എടയൂർ, ഇരിമ്പിളിയം പ്രദേശങ്ങളിലെയും പരിസരങ്ങളിലെയും വിവിധ തുറകളിലുള്ള പലരുമായും അദ്ദേഹം ബന്ധം സ്ഥാപിച്ചിരുന്നതിന്റെ പ്രകടമായ തെളിവാണ് ഈ പ്രദേശങ്ങളിലെ ആദ്യകാല ജമാഅത്ത് അംഗങ്ങളുടെ അവസ്ഥാന്തരങ്ങൾ വിളിച്ചോതുന്നത്.

മാല മൗലൂദ് റാത്തീബാദികൾക്ക് മാത്രം ഒരുമിച്ചുകൂടുകയും യാഥാസ്ഥിക പണ്ഡിതന്മാരും 'കാരണവന്മാരും' മുൻനിരയിലും മറ്റുള്ളവർ പിൻനിരയിലുമായി നടത്തിവരികയും ചെയ്തിരുന്ന 'ഇജ്തിമാഉ'കൾക്ക് പകരം യാഥാസ്ഥിക പുരോഹിത വലയത്തിൽ നിന്നു ധൈര്യപൂർവം വിട്ടുനിന്നും അവർക്ക് അന്നോളം അന്ധമായി കൽപിച്ചിരുന്ന നേതൃസ്ഥാനം അവഗണിച്ചും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുൻനിരയിൽ വന്നുനിന്നവരിൽ സാമ്പത്തികമായി ഉയർന്ന തട്ടിലുള്ളവരും കൂലിത്തൊഴിലാളികളുമെല്ലാം ഉണ്ടായിരുന്നു. ഇസ്‌ലാമിന്റെ പേരിൽ ഒരു ഓഫീസിൽ ഇവരെല്ലാം ഒത്തുകൂടി പരസ്പരം ചേർന്നിരിക്കുകയെന്ന പുതിയ 'ഇജ്തിമാഉ്' അതോടെ 'പുത്തൻപ്രസ്ഥാന'ത്തിലെ പ്രധാന ഇനമാവുകയും ചെയ്തു.

കേരള ജമാഅത്തെ ഇസ്‌ലാമിയുടെ ശിലാസ്ഥാപനം വളാഞ്ചേരി പരിസരങ്ങളിൽ നടക്കുമ്പോൾ ആ പരിസരങ്ങളിലെ ഏറ്റവും സമ്പന്ന കുടുംബമായ കളത്തിൽ തറവാട്ടിലെ കാരണവർ ജ: ടി.കെ.വി. മൊയ്തീൻകുട്ടി സാഹിബ്, ഹാജി സാഹിബിന്റെ ജ്യേഷ്ഠസഹോദരൻ ജ: വി.പി. കുഞ്ഞിപ്പോക്കർ ഹാജി, ബിസിനസ്സുകാരനായ ജ: യു. മുഹമ്മദ് സാഹിബ്, പി.പി. കുട്ട്യാലി സാഹിബ്, തൊഴിലാളികളായ കണിയാരിൽ മുഹമ്മദ് സാഹിബ്, പരവക്കൽ മുഹമ്മദ് സാഹിബ്, ഹാജി സാഹിബിന്റെ ഭാര്യാപിതാവ് ജ: പി.വി. കുഞ്ഞഹമ്മദ് സാഹിബ്, ഇരിമ്പിളിയത്തെ അവറാൻകുട്ടി സാഹിബ്, എടയൂരിലെ സൈതലവിക്കോയ തങ്ങൾ, വളാഞ്ചേരിയിലെ ഇടത്തരക്കാരായ സി.എം. മൊയ്തീൻകുട്ടി സാഹിബ്, പി. സൈതാലിക്കുട്ടി സാഹിബ്, കോട്ടപ്പുറം സ്വദേശി കെ. കുഞ്ഞലവി സാഹിബ്, പാണ്ടിയാലക്കാരനായ ടി.ടി. കമ്മു സാഹിബ്, എന്റെ അഭിവന്ദ്യ പിതാവ് പി. മരക്കാർ ഹാജി എന്നിവർ ഹാജി സാഹിബിന്റെ വശ്യമായ സ്വഭാവമഹിമയിലും പ്രബോധന ശൈലിയിലും ആകൃഷ്ടരായി ജമാഅത്തിൽ അംഗങ്ങളായി ചേർന്നു. ഇവരിൽ ആദ്യത്തെ അഞ്ചുപേർ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിപ്പുള്ളത്.

തുടർന്നു, പിന്നിട്ട കൊല്ലങ്ങളിൽ ഇതുവരെയായി ജനാബുമാർ വി.പി. മരക്കാർ, വി. കുഞ്ഞിമൊയ്തീൻ, ടി. ഹൈദർ, പി. കോയ, എൻ. സൈനുദ്ദീൻ ഹാജി, വി.കെ. കുഞ്ഞിപ്പോക്കർ (ഇവരെല്ലാം പരലോകം പ്രാപിച്ചു) എം.പി. മുഹമ്മദ് മാസ്റ്റർ, കെ. വി. മുഹമ്മദ് മൗലവി, കെ.ബി.കെ. മുഹമ്മദ്, എം.പി. അബ്ദുറഹ്മാൻ, പി. കുഞ്ഞിമുഹമ്മദ് (ഈ ലേഖകൻ) ടി. മുഹമ്മദ്, സി.കെ. മൊയ്തീൻ മൗലവി, സി.എം. മുഹമ്മദ്, പി. മുഹമ്മദ് ചെറിപ്പ, കെ. അബൂബക്കർ, ടി.ടി. ആസ്യ, കെ. ബീവിക്കുട്ടി, പി. അബ്ദുറഹ്മാൻ എന്നിവർ അംഗത്വം സ്വീകരിച്ചു.

ആദ്യകാലത്ത് തന്നെ പ്രസ്ഥാനത്തോട് കൂറും അനുഭാവവും പുലർത്തിപ്പോരുകയും കാർക്കൂനുകളോ മുത്തഫിഖുകളോ ആവുകയും ചെയ്തിരുന്ന ജനാബുമാർ പരവക്കൽ കുഞ്ഞിമുഹമ്മദ് മൊല്ല, കെ.വി. കുഞ്ഞഹമ്മദ് കുട്ടി, പാറമ്മൽ മുഹമ്മദ് മൊല്ല, പരവക്കൽ കുഞ്ഞലവി മൊല്ല, കോട്ടപ്പുറത്തെ ആലിയാമു, റോഡ്പണി മൊയ്തീൻകുട്ടി, ടി.കെ. അബ്ദുൽ അസീസ്, ടി. അബ്ദുൽ റഹ്മാൻ, കൂട്ടിലങ്ങാടി അബൂബക്കർ, പരപ്പിൽ കുഞ്ഞിമുഹമ്മദ്, കെ.പി. മൂസ്സക്കുട്ടി മാസ്റ്റർ എന്നിവരും ഇഹലോകവാസം വെടിഞ്ഞു. പരേതാത്മാക്കൾക്ക് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ; ആമീൻ.

ഇരുപത് കാർക്കൂനുകൾ അടങ്ങുന്നതാണ് വളാഞ്ചേരിയിലെ കാർകൂൻഹൽഖ; അത്രതന്നെ മുത്തഫിഖുകളും പുറമെ വനിതാ കാർകൂനുകളും എസ്.ഐ.ഒ, ജി.ഐ.ഒ. വേദികളും ഉണ്ട്. ഒരു പ്രാഥമിക മദ്രസയും ജുമുഅ മസ്ജിദും ഉണ്ട്. പരിസരങ്ങളിൽ പോഷക ഘടകങ്ങളും ഗുണകാംക്ഷികളും ഉണ്ട്.

വളാഞ്ചേരിയിലെ ജമാഅത്തെ ഇസ്‌ലാമിയുടെ ഘടകം രൂപീകരിക്കുക മാത്രമല്ല ഹാജി സാഹിബ് ചെയ്തത്. അംഗങ്ങൾക്ക് ആദ്യമാദ്യം അദ്ദേഹം നേരിൽതന്നെ നേതൃത്വവും ശിക്ഷണോപദേശങ്ങളും നൽകി. പിന്നീട്, അന്നത്തെയും ഇന്നത്തെയും ജമാഅത്ത് അമരക്കാരായ പലർക്കും പ്രവർത്തനവേദിയായി മാറുകയായിരുന്നു വളാഞ്ചേരി ജമാഅത്ത്. ഖുർആനും ഹദീസും സച്ചരിതങ്ങളും അടിസ്ഥാന സാഹിത്യങ്ങളും ഉർദു ഭാഷയും അവർ പ്രസ്ഥാന ബന്ധുക്കളെ പഠിപ്പിച്ചുപോന്നു. ജനാബുമാർ കെ.സി. അബ്ദുല്ല മൗലവി, അബുൽ ജലാൽ മൗലവി, എ.കെ. അബ്ദുൽ ഖാദിർ മൗലവി, ടി. മുഹമ്മദ് സാഹിബ്, ടി. ഇസ്ഹാഖലി സാഹിബ്, ടി.കെ. അബ്ദുല്ലാ സാഹിബ്, കെ.എം. അബ്ദുൽ അഹദ് തങ്ങൾ, വി.എം. അബ്ദുൽ ജബ്ബാർ മൗലവി എന്നിവരെല്ലാം വളാഞ്ചേരി ജമാഅത്തിലെ ആദ്യകാല സാരഥികളായിരുന്നു.

ഹാജി സാഹിബ് തന്റെ വശ്യമായ സംഘാടക കഴിവ് കൊണ്ട് കേരളത്തിലുടനീളം ഓടിനടന്നു. 'സമ്പാദിച്ച' ശീർഷമതികളിൽ ചിലർ മാത്രമാണിവർ. വടക്കെ മലബാറിലും ആലിയാ അറബിക്കോളേജിലും പരിസര പ്രദേശങ്ങളിലുമായി വേറെയയും ഒരുപടി പണ്ഡിന്മാരെ പ്രസ്ഥാന നായകരാക്കി 'പടച്ചു'ണ്ടാക്കിയിരുന്നു അദ്ദേഹം. ഇവരുടെയൊക്കെ രംഗപ്രവേശവും ഇസ്‌ലാമിക തരംഗവുമാണ് പിന്നീട് കേരളമൊട്ടുക്കും ഉണ്ടായ പ്രസ്ഥാനവികാസത്തിന് നിമിത്തമായത്. കേരളത്തിലെ ഇതര മത സംഘടനകളിൽ പ്രവർത്തിച്ചുവരികയായിരുന്ന ഇവരിൽ പലരും ഹാജി സാഹിബിന്റെ പിന്നാലെ പോരാൻ കാരണം ഇതര മതസംഘടനകളിലെ നേതാക്കളിലും അനുയായികളിലും അദ്ദേഹം വരച്ചുകാണിച്ച ഇസ്‌ലാമിന്റെ 'സുന്ദരമുഖം' പ്രകാശിപ്പിച്ച ശക്തമായ വശീകരണമല്ലാതെ മറ്റൊന്നുമല്ല.

ഇങ്ങനെ ഹാജി സാഹിബ് 'കണ്ണ് വെച്ചവരിൽ' ബാലനായ ഞാനും ഉൾപെടുമായിരുന്നു. ഞാൻ 'ആലിയാ'യിൽ പഠിച്ചുകൊണ്ടിരിക്കെ, ജമാഅത്തെ ഇസ്‌ലാമി പ്രചാരണയോഗങ്ങൾ സംഘടിപ്പിക്കാനും പ്രസംഗിക്കാനുമായി അദ്ദേഹം പലപ്പോഴും അവിടെ എത്തിച്ചേരുക പതിവായിരുന്നു. ഖുർആൻ പാരായണത്തിലും പദ്യം ചോല്ലലിലും അക്കാലത്തെ എന്റെ ആവേശം കണ്ടുപിടച്ച അദ്ദേഹം അന്നൊക്കെ ജമാഅത്ത് സമ്മേളനങ്ങളിൽ ഖിറാഅത്ത് നടത്താൻ കാലേക്കൂട്ടി എന്നെ ചുമതലപ്പെടുത്താൻ തുടങ്ങി. അങ്ങനെ പലേടത്തും ഞാൻ ഖിറാഅത്ത് നടത്തി. 1955-ൽ മലപ്പുറത്ത് ചേർന്ന സംസ്ഥാന സമ്മേളനത്തിൽ ആദ്യദിവസത്തെ പൊതുയോഗം തുടങ്ങാൻ നേരത്ത് അവിടെ സമ്മേളിച്ച

ആറായിരത്തോളമാളുകളിൽനിന്ന് ഹാജി സാഹിബ് എന്നെ തിരഞ്ഞുപിടിച്ചു ഖിറാഅത്ത് നിർവഹിപ്പിച്ചു. വാരാന്ത യോഗങ്ങളിൽ ഗാനാലാപനത്തിന് ഒട്ടും പഴുത് നൽകാതിരുന്ന അദ്ദേഹം വളാഞ്ചേരിയിലെ ഒരു 'ഇജ്തിമാഇ'ൽ എന്നോട് പാടാനാവശ്യപ്പെട്ടു. അക്കാലത്ത് പ്രസിദ്ധമായ ഒരു നീണ്ട ഉർദുഗാനം ഇരുപത് മിനുട്ട് നേരം ഞാൻ നിന്നു പാടുകയല്ലാതെ നിർത്താനാവശ്യപ്പെടുകയുണ്ടായില്ല.

'ആലിയാ'യിൽ പഠിച്ചുകൊണ്ടിരിക്കെ ഒരവധിക്കാലത്ത് ഞാൻ നാട്ടിലുള്ളപ്പോൾ വളാഞ്ചേരി ജമാഅത്തുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തിൽ അഖിലേന്ത്യാ അമീറിനുള്ള ഉർദു കത്ത് എഴുതിത്തയ്യാറാക്കിയത് ഞാനാണെന്ന്, കത്ത് റാംപൂരിലുള്ള ജമാഅത്ത് കേന്ദ്രത്തിൽ എത്തുമ്പോൾ അവിടെ ശൂറാ യോഗത്തിലായിരുന്ന ഹാജി സാഹിബ് മനസ്സിലാക്കി. തിരിച്ചെത്തിയ പാടെ അദ്ദേഹം എന്നെ സമീപിക്കുകയും പതിവില്ലാത്ത വിധം ഹസ്തദാനം ചെയ്തു കൈകുലുക്കുകയും ചെയ്തു. ജീവിതത്തിലാദ്യമായി ലഭിച്ച ഹസ്തദാനമായിരുന്നു അത്.

എല്ലായിടത്തും എപ്പോഴും ഓടിയെത്തുന്ന പതിവുകാരനായിരുന്നു അദ്ദേഹം. ഞാൻ ഉമറാബാദിൽ പഠിക്കുമ്പോൾ അവിടെയും വരികയുണ്ടായി. ഞാൻ ജമാഅത്തുകാരനാണെന്ന് അറിയാമായിരുന്ന ആർക്കാട് ജില്ലാ അമീറിന് മുമ്പാകെ എന്നെ വിളിച്ചുവരുത്തി ഹാജിസാഹിബിന്റെ വകയായും ഒരു പരിചയപ്പെടുത്തൽ നടത്തി.

1958-ൽ ഞാൻ മൂച്ചിക്കൽ അൽ മദ്രസത്തുൽ ഇസ്‌ലാമിയ്യായിൽ അധ്യാപക ജോലി ചെയ്യുന്ന കാലം. അക്കാലത്താണ് എന്റെ വിവാഹവും നടന്നത്. ഹാജി സാഹിബ് വെളിയിലെങ്ങോ ആയിരുന്നതിനാൽ വിവാഹച്ചടങ്ങിൽ പങ്കെടുത്തിരുന്നില്ല. തിരിച്ചെത്തിയ പാടെ എടയൂരിൽനിന്ന് വളാഞ്ചേരിവരെ ബസ് വഴിയായും അവിടുന്ന് മദ്രസ വരെയുള്ള അര കിലോമീറ്ററോളം ദൂരം (ഇടവഴിയിലൂടെ) കാൽ നടയായും വന്നു വിവാഹസദ്യ ലഭിക്കണം എന്നാവശ്യപ്പെട്ടു. കുശലങ്ങൾക്കിടയിൽ ഞാൻ സൽക്കരിച്ച ചായയും നേന്ത്രപ്പഴവും കഴിച്ചു ആ വലിയ മനുഷ്യൻ സ്ഥലംവിട്ടു. മദ്രസയും വിട്ടുകഴിഞ്ഞിരുന്നു. പത്തൊമ്പത് വയസ്സ് മാത്രം പ്രായമുള്ള വെറുമൊരു പയ്യനായ എന്നോടിത്രയും ഉന്നത സ്വഭാവ മഹിമ ഇതിന് മുമ്പും പലതവണ കാണിച്ച ഒട്ടേറെ അനുഭവങ്ങൾ ഓർത്തിരിക്കാൻ എനിക്കവസരം കിട്ടി. സമർഥനും നിഷ്കളങ്കനുമായ ഒരു നേതാവിന്റെയും വശ്യശക്തിയുള്ള ഒരു വലിയ സംഘാടകന്റെയും നഖചിത്രം വരക്കുകയായിരുന്നു അപ്പോൾ എന്റെ ഹൃദയം.

വർഷങ്ങൾക്ക് ശേഷം മൗലാനാ മൗദൂദിയാണ് ആ ചിത്രത്തിന് വർണം നൽകിയത്. അന്ന് ഞാൻ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ വിദ്യാർഥിയായിരുന്നു. ലണ്ടനിൽനിന്നോ മോറോക്കോവിൽനിന്നോ മദീനായിലൂടെ സ്വദേശത്തേക്കു തിരിച്ചുപോകുന്ന മൗദൂദി സാഹിബ് മദീനായിലെ അത്തൈസീർ ഹോട്ടലിൽ ക്യാമ്പ് ചെയ്തു വരുന്ന വിവരം ഞങ്ങളറിഞ്ഞു. കേരളീയ വിദ്യാർഥികളായ ഞങ്ങൾക്കും ഒരു കൂടിക്കാഴ്ചക്കവസരം ലഭിച്ചു. സംഭാഷണത്തിന് മൗലാന തന്നെ തുടക്കമിട്ടു. "മുഹമ്മദലിയെ ഞാനോർക്കാറുണ്ട്. നിങ്ങളെ കാണുമ്പോഴും മുഹമ്മദലിയെയാണ് ഞാനോർക്കുന്നത്. വശ്യശക്തിയുള്ള ആ സംഘാടകന്റെ നിതാന്ത ജാഗ്രത മലബാറിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് നിങ്ങളെപ്പോലുള്ള ഒട്ടേറെ പ്രവർത്തകരെ സൃഷ്ടിച്ചു."

എന്റെ ബാല്യകാല സ്മരണകളിലെ ഹാജിസാഹിബിന്റെ 'സുന്ദരമുഖം' മൗദൂദി സാഹിബ് അനാഛാദനം ചെയ്തപ്പോൾ എനിക്കുണ്ടായ അനുഭൂതി വിശേഷം വാക്കുകളിൽ ഇവിടെ പകർത്താനാവുന്നില്ല.